270609(5)/2022/CRU AGRIDIR

Circulate Admn I, II All Sections, Accounts Off O&M

SAO

(19)

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

150 YEARS OF CELEBRATING THE MAHATMA

നം-ഇഎ1/159/2022/കൃഷി
കൃഷി (ഇഎ) വകുപ്പ്
തിരുവനന്തപുരം.
തീയതി: 25-06-2022

## സർക്കുലർ

വിഷയം:- കൃഷി വകുപ്പ് - ജീവനക്കാര്യം - കാർഷിക വികസന കർഷകക്ഷേമ വകുപ്പിലെയും മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിലെയും ഉന്നത ഉദ്യോഗസ്ഥർ അവധിയിൽ പ്രവേശിക്കുന്നത്- മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് -ഉത്തരവാകുന്നു.

കാർഷിക വികസന കർഷകക്ഷേമ വകുപ്പിലെയും മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിലെയും ഗസറ്റഡ് തസ്തികകളിലെ ഉന്നത ഉദ്യോഗസ്ഥർ സർക്കാർ അനുമതി കൂടാതെ കാഷ്വൽ ലീവ് ഒഴികെ. LPR ഉൾപ്പെടെയുള്ള ദീർഘകാല അവധികളിൽ പ്രവേശിക്കുന്നത് സ്വാഭാവികമായും വകുപ്പിൽ ഭരണപരമായ പ്രതിസന്ധി സൃഷ്ടിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ, കാർഷിക വികസന കർഷകക്ഷേമ / മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിലെ ഗസറ്റഡ് തസ്തികകളിലെ ഉയർന്ന ഉദ്യോഗസ്ഥർ അവധിയിൽ പ്രവേശിക്കുന്നതുമൂലമുണ്ടാകുന്ന ഭരണ പ്രതിസന്ധി ഒഴിവാക്കുന്നതിനായി ചുവടെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ തലം തൊട്ടുള്ള ഉദ്യോഗസ്ഥരും മണ്ണ് സംരക്ഷണ മണ്ണ് പര്യവേക്ഷണ വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ തലം തൊട്ടുള്ള ഉദ്യോഗസ്ഥരും സർക്കാർ അനുമതിയോടു കൂടി മാത്രമേ LPR -ൽ പ്രവേശിക്കാവൂ.
2. കാഷ്വൽ ലീവ് ഒഴികെയുള്ള ലീവ് കഴിഞ്ഞ് ജോലിയിൽ പ്രവേശിക്കുന്ന ജോയിന്റ് ഡയറക്ടർ അഡീഷണൽ ഡയറക്ടർ തസ്തികയിലുള്ളവർ ഇനി മുതൽ കൃഷി വകുപ്പ് സെക്രട്ടറി മുമ്പാകെ നേരിൽ ഹാജരായി ജോലിയിൽ പ്രവേശിക്കേണ്ടതാണ്.
3. അസിസ്റ്റന്റ് ഡയറക്ടർ തലം തൊട്ടുള്ള എല്ലാ ഉദ്യോഗസ്ഥർക്കും കാഷ്വൽ ലീവ് ഒഴികെയുള്ള ലീവ് അനുവദിക്കുമ്പോൾ പ്രസ്തുത വിവരം കൃഷി വകുപ്പ് സെക്രട്ടറിയെ അറിയിക്കേണ്ടതാണ്.
4. വകുപ്പുകളിലെ അസിസ്റ്റന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ എന്നിവർ അവധി കഴിഞ്ഞ് ജോലിയിൽ പ്രവേശിക്കുമ്പോൾ പ്രസ്തുത വിവരവും, എവിടെയൊക്കെ വേക്കൻസി നിലവിൽ ഉണ്ട് എന്നത് സംബന്ധിച്ച റിപ്പോർട്ടും അന്നേ ദിവസം തന്നെ ഇ — മെയിൽ മുഖേന സർക്കാരിലെ കൃഷി വകുപ്പിലെ ബന്ധപ്പെട്ട കൃഷി (ഇഎ)/ ഇബി) സെക്ഷനിൽ അറിയിക്കേണ്ടതും. ബന്ധപ്പെട്ട സെക്ഷനിൽ നിന്നും തൊട്ടടുത്ത പ്രവർത്തി ദിവസം തന്നെ ഫയൽ ബഹു കൃഷി വകുപ്പ് മന്ത്രി മുമ്പാകെ സമർപ്പിക്കേണ്ടതുമാണ്.
5. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെയും മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിലെയും ജോയിന്റ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർ എന്നീ തസ്തികകളിലെ

JUN 2022

ഉദ്യോഗസ്ഥരെ സംബന്ധിച്ച എല്ലാ വിവരങ്ങളും ബന്ധപ്പെട്ട സെക്ഷനുകളിൽ [കൃഷി(ഇഎ/ഇബി)] സൂക്ഷിക്കേണ്ടതും സർക്കാർ ഉത്തരവുകൾക്ക് വിധേയമായി ഭേദഗതി വരുത്തേണ്ടതുമാണ്.

6. വകുപ്പുകളിൽ നിന്നും അന്യത്രസേവനത്തിൽ പ്രവേശിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്ക് അന്യത്ര സേവനം പൂർത്തിയാകുന്ന ദിവസത്തിനുള്ളിൽ അന്യത്ര സേവനം ദീർഘിപ്പിച്ചുള്ള സർക്കാർ ഉത്തരവ് ലഭിക്കാത്ത പക്ഷം ടി ഉദ്യോഗസ്ഥർ അന്നേ ദിവസം തന്നെ വകുപ്പിൽ തിരികെ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. അപ്രകാരം വകുപ്പിൽ തിരികെ പ്രവേശിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ 22.01.2013 – ലെ G.O(P) No. 45/2013/Fin പ്രകാരം KSR - ൽ ഭേദഗതി വരുത്തിയിട്ടുള്ള ചട്ടം 140 (C) അനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

7. വകുപ്പ് മേധാവികൾ/ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

8. ഇക്കാര്യത്തിലുള്ള വീഴ്ച അതീവ ഗൗരവമായി വീക്ഷിക്കുന്നതായിരിക്കും.

പി എം അലി അസ്ഗർ
പാഷ ഐ എ എസ്
സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by Praveen B
Date: 25-06-2022 16:28:14
സെക്ഷൻ ഓഫീസർ.

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ്
എല്ലാ പ്രിൻസിപ്പൽ കൃഷിഓഫീസർമാർക്കും (ഡയറക്ടർ മുഖേന)
കൃഷി(ഇബി) വകുപ്പ്(മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിനെ സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതിനായി
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി.

പകർപ്പ്:- ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
കൃഷി വകുപ്പ് സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്